# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2022 ജൂലൈ 19,ചൊവ്വ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ ആകെ ചോദ്യങ്ങൾ : 30 ]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

# 11.07.2022 - ലെ ബുള്ളറ്റിൻ ഭാഗം 2 നമ്പർ 256 പ്രകാരം, മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം എന്നീ വകുപ്പുകൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് യഥാക്രമം മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി, സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി, പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ് മന്ത്രി എന്നിവർ മറുപടി നൽകുന്നതാണ്.

## ഇക്കോ സെൻസിറ്റീവ് സോൺ

***361.** **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ 2011-ൽ സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ നൽകിയ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം മന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാൻ 2013-ൽ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

## എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ

***362.** **ശ്രീ കെ ബി ഗണേഷ് കുമാർ**

**ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ തോമസ് കെ തോമസ്**

**ശ്രീ മാത്യു ടി. തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രൊഫഷണൽ നാടകരംഗം, മിമിക്രി, ഗാനമേള, നാടൻ കലാരൂപങ്ങൾ തുടങ്ങിയ മേഖലകളിലെ ആർട്ടിസ്റ്റുകൾക്കും പ്രവർത്തകർക്കും വേദികൾ ലഭ്യമാക്കുവാനുള്ള അവസരം പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ മുഖേന നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുവാൻ പര്യാപ്തമായ നിലയിൽ അതത് ജില്ലകളുടെ സാംസ്കാരിക സവിശേഷതകൾക്ക് അനുസൃതമായ കലാരൂപങ്ങൾക്ക് ഇത്തരം സാംസ്കാരിക നിലയങ്ങളിൽ സ്ഥിരം വേദി ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

***363.** **ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ വി ശശി**

**ശ്രീ ജി എസ് ജയലാൽ**

**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പിൽ നിന്നൊഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസം തുടരുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മെസ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന തുക അപര്യാപ്തമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മതിയായ തുക പ്രസ്തുത ആവശ്യത്തിലേക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ പദ്ധതി

***364.** **ശ്രീ ജി സ്റ്റീഫൻ**

**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ കടകംപള്ളി സുരേന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാലാവസ്ഥ വ്യതിയാനത്തിന്റെ പാരിസ്ഥിതികാഘാതം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും വന വിഭവങ്ങളുടെ പരിപാലനത്തിനും സുസ്ഥിര വിനിയോഗത്തിനുമായി പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

## ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി

***365.** **ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ . പി . ഉബൈദുള്ള**

**ശ്രീ. അബ്ദുൽ ഹമീദ് പി**

**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഒരേക്കർ കൃഷി ഭൂമി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വിമൻ-ന്റെ പ്രവർത്തനം

***366.** **ശ്രീ എം മുകേഷ്**

**ശ്രീമതി യു പ്രതിഭ**

**ശ്രീമതി കാനത്തിൽ ജമീല**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വിമൻ-ന്റെ പ്രവർത്തനം

ശാക്തീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ;

(ബി) സാഫ് മുഖേന തീരമൈത്രി സീഫുഡ് ഭക്ഷണശാലകൾ ആരംഭിക്കുവാൻ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബത്തിനും സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുവാനുള്ള സാഫിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

## <u>കോൾഡ് ചെയിൻ സംവിധാനം</u>

***367.** **ശ്രീ. എ.എൻ.ഷംസീർ**

**ശ്രീ കെ ആൻസലൻ**

**ഡോ സുജിത് വിജയൻപിള്ള**

**ശ്രീ. എം.വിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ വിപുലപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) മത്സ്യബന്ധനം മുതൽ ഉപഭോക്താവിന്റെ കൈയ്യിലെത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കാൻ കോൾഡ് ചെയിൻ സംവിധാനം ഫലപ്രദമായി ഏർപ്പെടുത്തുമോ;

(സി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചെലവുകുറഞ്ഞ മാർഗ്ഗം എന്ന രീതിയിൽ ആരോഗ്യത്തിന് ഹാനികരമായ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ ചേർക്കുന്നത് തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കാൻ മത്സ്യബന്ധന വകുപ്പ് ഇടപെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും</u>

***368.** **ശ്രീമതി കാനത്തിൽ ജമീല**

**ശ്രീ സി എച്ച് കുഞ്ഞമ്പു**

**ശ്രീ. എൻ.കെ. അക്ബർ**

**ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും സാധ്യമാക്കുന്നതിനായി പ്രത്യേക കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) മത്സ്യ ഗുണനിലവാര നിർണ്ണയത്തിനും പരിശോധനയ്ക്കുമായി മത്സ്യബന്ധന വകുപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## കായലുകളുടെയും കനാലുകളുടെയും സംരക്ഷണം

***369.** **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ എം നൗഷാദ്**

**ശ്രീ. പി.പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പ്രളയത്തിലടിയുന്ന മാലിന്യങ്ങൾ കൊണ്ടും നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി വൻതോതിൽ മണ്ണടിയുന്നതുകൊണ്ടും അപായ ഭീഷണി നേരിടുന്ന, റംസാർ പട്ടികയിൽപ്പെട്ടിട്ടുള്ള അഷ്ടമുടി കായൽ, ശാസ്താംകോട്ട കായൽ, വേമ്പനാട് കോൾ നിലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കായലുകളിൽ അടിഞ്ഞിട്ടുള്ള ചെളിയും മാലിന്യങ്ങളും ശാസ്ത്രീയമായി നീക്കി കായലുകളെ സംരക്ഷിക്കാനും അവയുടെ ജലവാഹക ശേഷി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ടോ;

(സി) കായലുകളിലെയും കനാലുകളിലെയും അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ

***370.** **ശ്രീ. കെ. ജെ. മാക്സി**

**ശ്രീ വി ജോയി**

**ശ്രീ. എച്ച്. സലാം**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യത്തൊഴിലാളികളെ ചൂഷണ വിമുക്തമാക്കുന്നതിന് സർക്കാരിന്റെ പിന്തുണയോടെ മത്സ്യഫെഡ് ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ബി) മത്സ്യബന്ധനോപകരണങ്ങൾ ആർജ്ജിക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിനും മത്സ്യ മാർക്കറ്റുകളുടെ ആധുനികീകരണത്തിനും മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(സി) മികച്ച ഗുണനിലവാരത്തിലുള്ള മത്സ്യവും മൂല്യവർദ്ധിതോല്പന്നങ്ങളും നൽകി ഉപഭോക്താക്കൾക്കും മത്സ്യത്തൊഴിലാളികൾക്കും നേട്ടമുണ്ടാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആധുനിക മത്സ്യസ്റ്റാളുകൾ സ്ഥാപിക്കാനുള്ള മത്സ്യഫെഡിന്റെ പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## നദികളുടെ ഒഴുക്ക് സ്വാച്ഛമാക്കുന്നതിന് നടപടി

***371.** **ശ്രീ ഡി കെ മുരളി**

**ശ്രീ. എം. എം. മണി**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അതിവൃഷ്ടിയുണ്ടാകുന്ന ഘട്ടത്തിൽ മലഞ്ചെരുവുകളിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നത് നീർച്ചാലുകളും നീരൊഴുക്കും തടഞ്ഞുകൊണ്ടുള്ള അശാസ്ത്രീയ നിർമ്മാണങ്ങളാണ് എന്നതിനാൽ നീർച്ചാലുകളുടെയും തോടുകളുടെയും തടസ്സരഹിതമായ ഒഴുക്കിന് ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(ബി) വർഷകാലാരംഭത്തിന് മുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും ചപ്പുചവറുകളും പ്ലാസ്റ്റിക് മാലിന്യങ്ങളും മണ്ണും നീക്കി നദികളുടെ ഒഴുക്ക് സ്വച്ഛമാക്കാൻ പദ്ധതിയുണ്ടോ;

(സി) നദീതീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

## <u>തീരദേശ വികസനത്തിന് പ്രത്യേക പാക്കേജ്</u>

***372.** **ശ്രീ കെ ആൻസലൻ**

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീമതി ദെലീമ**

**ശ്രീ. പി. നന്ദകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് തീരദേശ വികസനത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെ എന്തെന്നും യാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ;

(ബി) തീരദേശ സംരക്ഷണത്തിനും പോഷണത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

## <u>പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കുള്ള തൊഴിൽ, മാനവശേഷി വികസനം</u>

***373.** **ശ്രീ. എം.വിജിൻ**

**ശ്രീ. ആന്റണി ജോൺ**

**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എൻജിനീയറിംഗ് യോഗ്യതയുള്ളവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി മേൽനോട്ടത്തിന്

നിയമിക്കുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിലെ യുവതി, യുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

## സിനിമ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി

***374.** **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**

**ശ്രീ തോമസ് കെ തോമസ്**

**ശ്രീ കെ ബി ഗണേഷ് കുമാർ**

**ശ്രീ. കെ.പി.മോഹനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) സിനിമ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം

***375.** **ശ്രീമതി ദെലീമ**

**ശ്രീ എം രാജഗോപാലൻ**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീ. എൻ.കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള തീരദേശ റോഡുകൾ പുനരുദ്ധരിച്ചും പുതിയത് നിർമ്മിച്ചും ഹാർബറുകളുടേയും മാർക്കറ്റുകളുടേയും ഹൈവേയുമായുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം എത്ര തീരദേശ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(സി) പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന പുതിയ ഹാർബറുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നിലവിലുള്ള ഹാർബറുകളുടെ നവീകരണത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

## ജണ്ടകൾ സ്ഥാപിക്കൽ

***376.** **ശ്രീ. എം. എം. മണി**

**ശ്രീ ഐ ബി സതീഷ്**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് ജണ്ടകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വിജയകരവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് വേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>സാമൂഹ്യ പുരോഗതിക്കായി യുവജന പങ്കാളിത്തം</u>

***377.** **ശ്രീ. വാഴൂർ സോമൻ**

**ശ്രീ ഇ ചന്ദ്രശേഖരൻ**

**ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീമതി സി. കെ. ആശ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഗ്രാമസഭകളിലും സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിലും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) രാഷ്ട്ര പുനർനിർമ്മാണത്തിലും വികസനത്തിലും യുവജനങ്ങളുടെ ബൗദ്ധികവും കായികവുമായ ശേഷി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ യുവജനങ്ങളെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വ ശീലം വളർത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ പഠന സാഹചര്യം മെച്ചപ്പെടുത്തൽ</u>

***378.** **ശ്രീ എം എസ് അരുൺ കുമാർ**

**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. കെ.എം.സച്ചിൻദേവ്**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികജാതി വകുപ്പിന് കീഴിലും പട്ടിക ഗോത്രവർഗ്ഗ വകുപ്പിന് കീഴിലുമുള്ള പ്രീ

മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ജീവിതാന്തരീക്ഷവും പഠന സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിഹാര പരിശീലനം നൽകുന്നുണ്ടോ;

(സി) ഇത്തരം ഹോസ്റ്റലുകളിലെ കുട്ടികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി പൊതുവിൽ ബുദ്ധിമുട്ടുള്ള വിഷയങ്ങളിലും ഭാഷകളിലും ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പഠന വൈഷമ്യം കൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും പഠനം ഉപേക്ഷിച്ച് പോകുന്ന സാഹചര്യത്തിൽ തുടർപഠനത്തിനായി സാമ്പത്തികവും മറ്റ് വിധത്തിലുമുള്ളതുമായ സഹായം നൽകുന്നുണ്ടോ?

## <u>അംബേദ്കർ ഗ്രാമ പദ്ധതി</u>

***379.** **ശ്രീ. അബ്ദുൽ ഹമീദ് പി**

**ശ്രീ എൻ എ നെല്ലിക്കുന്ന്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. നജീബ് കാന്തപുരം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടിക ജാതി കോളനികളുടെ പുനരുദ്ധാരണത്തിനുള്ള അംബേദ്കർ ഗ്രാമ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയ ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>ജലസമൃദ്ധി പദ്ധതി</u>

***380.** **ഡോ.കെ.ടി.ജലീൽ**

**ശ്രീ ഐ ബി സതീഷ്**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലസമൃദ്ധി പദ്ധതി ഭൂഗർഭ ജല നിരപ്പുയർത്തുന്നതിൽ വിജയിച്ചതായി കേന്ദ്ര ഭൂഗർഭ ജല എസ്റ്റിമേറ്റ് സമിതിയുടെ പഠനത്തിൽ വ്യക്തമായിട്ടുള്ളതിനാൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ സമാന മാതൃകയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പകുതിയോളം കുടുംബങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നതിനാൽ കിണറുകളുടെ നവീകരണത്തിന് പ്രാധാന്യം നൽകി വരുന്നുണ്ടോ;

(സി) കിണർ റീചാർജിംഗ്, മഴക്കുഴികൾ, കുളങ്ങളുടെ നിർമ്മാണം എന്നിവയിലൂടെ ജലലഭ്യത വർദ്ധിപ്പിക്കാനായിട്ടുണ്ടോ; ഭൂജല ശേഷി വർദ്ധിപ്പിക്കാൻ മണ്ണ് സംരക്ഷണ

പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ടോ?

**<u>പട്ടിക ഗോത്രങ്ങളിൽപ്പെട്ട യുവതി, യുവാക്കൾക്ക് തൊഴിൽ</u>**

***381.** **ശ്രീ. ആന്റണി ജോൺ**

**ശ്രീ ഒ . ആർ. കേളു**

**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തൊഴിൽപരമായ ആവശ്യങ്ങൾക്കനുസൃതമായി പട്ടികഗോത്രങ്ങളിൽപ്പെട്ട യുവതീയുവാക്കളുടെ പരമ്പരാഗത കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലനത്തിലൂടെ അവരുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് പ്രാദേശിക തൊഴിൽ സാധ്യതകൾ വിനിയോഗിക്കാൻ പ്രാപ്തരാക്കുന്നതിനും പരിപാടിയുണ്ടോ;

(ബി) ഗോത്ര ജീവിക പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ഗ്രൂപ്പുകൾക്ക് രൂപം നൽകി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(സി) അട്ടപ്പാടി, തിരുനെല്ലി, ദേവികുളം എന്നീ പ്രദേശങ്ങളിലെ പട്ടിക ഗോത്രങ്ങളിൽപ്പെട്ട യുവതി, യുവാക്കൾക്ക് നൈപുണ്യ ശേഷി വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗോത്ര കിരണം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പട്ടിക ഗോത്രവർഗ്ഗ മേഖലകളിലാകെ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

**<u>മത്സ്യഫെഡിലെ അഴിമതി സംബന്ധിച്ച അന്വേഷണം</u>**

***382.** **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ എം വിൻസെൻറ്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യത്തൊഴിലാളികളിൽ നിന്ന് സംഭരിക്കുന്ന മത്സ്യം വിൽക്കുന്നതിന്റെ മറവിൽ മത്സ്യഫെഡിൽ അഴിമതി നടന്നു എന്ന ആരോപണത്തിൽ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് താത്കാലിക ജീവനക്കാരെ നിയമിച്ചതിൽ ഉന്നത ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചു എന്നത് വസ്തുതയാണോ എന്നറിയിക്കുമോ;

(സി) എങ്കിൽ ഇവ കൈകാര്യം ചെയ്യുന്നതിന് താത്കാലിക ജീവനക്കാരെ നിയമിച്ച ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്</u>**

***383. ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. മാണി. സി. കാപ്പൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സുപ്രീം കോടതി വിധി പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിൽ നിജപ്പെടുത്തേണ്ട സാഹചര്യത്തിൽ പ്രസ്തുത തീരുമാനം തമിഴ്നാട് സർക്കാർ ലംഘിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഡാമിന്റെ താഴ്‌വാരത്തുള്ള ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് സുപ്രീം കോടതിയെ ധരിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) മഴ ആരംഭിച്ച പശ്ചാത്തലത്തിൽ കഴിഞ്ഞ മഴക്കാലത്ത് ഡാമിൽ റൂൾ കർവ് ലെവൽ വരെ വെള്ളം എത്തിയത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം എന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയം ഫലപ്രാപ്തിയിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## <u>ഇക്കോ സെൻസിറ്റീവ് സോൺ</u>

***384. ശ്രീ പി സി വിഷ്ണുനാഥ്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ എം വിൻസെൻറ്**

**ശ്രീ. ടി. ജെ. വിനോദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം പരിസ്ഥിതി സംബന്ധിച്ച വിദഗ്ദ്ധ സമിതി യോഗം ആവശ്യപ്പെട്ട വിശദാംശങ്ങൾ 2018-വരെ കഴിഞ്ഞ സർക്കാർ നൽകാത്തതിനെ തുടർന്ന് കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടതുമൂലമാണോ 10 കി.മീ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമായതെന്ന് വ്യക്തമാക്കാമോ ;

(സി) വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട വിശദാംശം നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത വിശദാംശങ്ങൾ സമയബന്ധിതമായി നൽകിയിരുന്നെങ്കിൽ ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും മനുഷ്യവാസ കേന്ദ്രങ്ങളെ ഒഴിവാക്കി, ഇപ്പോൾ ജനങ്ങളെ പ്രതിസന്ധിയിലാക്കിയ ബഫർസോൺ വിഷയം ഉണ്ടാകുമായിരുന്നില്ലെന്ന വസ്തുത പരിശോധിച്ചിരുന്നോ?

## വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

***385.** **ശ്രീ എ. സി. മൊയ്തീൻ**

**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ സി എച്ച് കുഞ്ഞമ്പു**

**ശ്രീ ഒ . ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിലുള്ള വൃക്ഷങ്ങളുടെ പ്രാധാന്യം പരിഗണിച്ച് വനത്തിന് പുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വൃക്ഷാവരണ വർദ്ധനവിലൂടെ കാർബൺ ആഗിരണ ക്ഷമത വർദ്ധിപ്പിച്ച് കാർബൺ ന്യൂട്രലാക്കുന്നതിന് വയനാട്ടിൽ ആരംഭിച്ചിട്ടുള്ള കാർബൺ ന്യൂട്രൽ വയനാട് എന്ന പദ്ധതി മാതൃക തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ സംസ്ഥാനത്താകെ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഓരോ വർഷവും അരക്കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ചും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അവ നട്ടുപരിപാലിക്കുന്നതിനുമുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

## സുസ്ഥിര ഭൂജല വികസനം

***386.** **ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ ജി സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജനസംഖ്യാ വർദ്ധനവ്, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, മഴയിലുണ്ടായ ഏറ്റക്കുറച്ചിൽ തുടങ്ങി ഏതെല്ലാം ഘടകങ്ങളാണ് സംസ്ഥാനത്ത് ജലലഭ്യതയിൽ കുറവ് വരുത്തുന്നതിന് ഇടയാക്കിയതെന്ന് അറിയിക്കാമോ; സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് സുസ്ഥിര ഭൂജല വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കാലാവസ്ഥ വ്യതിയാനം ജലവിഭവത്തിൽ സൃഷ്ടിക്കുന്ന കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല സംപോഷണത്തിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം നൽകാമോ?

## ഇക്കോ സെൻസിറ്റീവ് സോൺ

***387.** **ശ്രീ. ടി.സിദ്ദിഖ്**

**ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീമതി.ഉമ തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 23.10.2019-ലെ കേരള മന്ത്രിസഭാ യോഗത്തിൽ എല്ലാ വന്യജീവി സങ്കേതങ്ങളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്ന് കിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മേഖലകൾക്ക് ഒരു കിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) മനുഷ്യവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനമന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാനുള്ള 2013-ൽ അന്നത്തെ സർക്കാരിന്റെ തീരുമാനം മാറ്റാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2019-ലെ ഉത്തരവ് പിൻവലിച്ചുകൊണ്ട് മനുഷ്യവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

## <u>വനഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>

***388.** **ശ്രീ എൻ എ നെല്ലിക്കുന്ന്**

**ശ്രീ . പി . ഉബൈദുള്ള**

**ശ്രീ . എൻ . ഷംസുദ്ദീൻ**

**ശ്രീ എ കെ എം അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനഭൂമി സംരക്ഷിക്കുന്നതിന് ഇക്കോ റെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വനഭൂമിയിൽ അവകാശമുന്നയിച്ച് വ്യക്തികൾ കോടതി വ്യവഹാരങ്ങളിലേക്ക് നീങ്ങുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിൽ വസ്തുതകളും നിയമവശങ്ങളും ബോധ്യപ്പെടുത്തി അനുകൂല വിധികൾ സമ്പാദിക്കുന്നതിന് പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുമോ; വിശദാംശം നൽകുമോ?

## <u>ഇക്കോ സെൻസിറ്റീവ് സോൺ</u>

***389.** **ശ്രീ. റോജി എം. ജോൺ**

**ശ്രീ . സണ്ണി ജോസഫ്**

**ശ്രീ. അൻവർ സാദത്ത്**

**ഡോ. മാത്യു കുഴൽനാടൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം വന്യജീവി വിദഗ്ദ്ധ സമിതി യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള 2013-ലെ സർക്കാരിന്റെ കരട് നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്മേൽ വിദഗ്ദ്ധ സമിതി കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(സി) വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് തുടർന്ന് അധികാരത്തിൽ വന്ന സർക്കാരിന് സാധിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

## <u>മത്സ്യ മാർക്കറ്റുകളുടെ നവീകരണം</u>

***390.** **ശ്രീ പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ്**

**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യ സമ്പത്തിന്റെ ഒരു ഭാഗം കേടാകുന്നത് മൂലമുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം മത്സ്യസമ്പത്ത് നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഹൈടെക് മത്സ്യമാർക്കറ്റുകളും ആധുനിക വെയർ ഹൗസുകളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കടൽ മത്സ്യത്തോടൊപ്പം കായൽ മത്സ്യങ്ങളും പ്രാദേശികമായി വളർത്തി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളും കൂടി ഇത്തരം വെയർ ഹൗസുകളിൽ സൂക്ഷിക്കുന്നതിനും കയറ്റുമതിക്കും പ്രാദേശിക വിപണനത്തിനും ഉപയോഗിക്കത്തക്ക സൗകര്യങ്ങളുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള കർമ്മപദ്ധതിക്ക് രൂപം കൊടുക്കുമോ എന്ന് വ്യക്തമാക്കാമോ?

അംഗീകരിച്ച തീയതി: 2022 ജൂലൈ 7 , വ്യാഴം,

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, കവിത ഉണ്ണിത്താൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്ജ്

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u> : നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)]